# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

**നവംബർ 30**

**November 30**

**2018**

*1193 വൃശ്ചികം 14 വെള്ളി*

# പത്രക്കുറിപ്പ് -1

**www.prd.kerala.gov.in**, **diopta1@gmail.com** **ഫോൺ0468-2222657**

**കൈപുസ്തകം പ്രകാശനം ചെയ്തു**

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സമഗ്രശിക്ഷ പ്രസിദ്ധീകരിച്ച ടാലന്റ്ലാബ് എന്ന കൈപ്പുസ്തകത്തിന്റെ ജില്ലാതല പ്രകാശനം ജില്ലാ പഞ്ചായത്ത് ആരോഗ്യ-വിദ്യാഭ്യാസ സ്ഥിരം സമിതി അധ്യക്ഷ കെ.ജി.അനിത നിർവഹിച്ചു. സമഗ്രശിക്ഷ കേരളയുടെ ജില്ലാ പ്രോജക്ട് ഓഫീസർ ഡോ.ആർ.വിജയമോഹനൻ കൈപ്പുസ്തകത്തിന്റെ ഉള്ളടക്കവും പ്രാധാന്യവും വിശദീകരിച്ചു.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി എല്ലാ കുട്ടികളെയും അവരുടെ കഴിവിന്റെ പൂർണതയിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് വിദ്യാലയങ്ങളിൽ ടാലന്റ്ലാബ് എന്ന ആശയം നടപ്പാക്കുന്നത്. എല്ലാ കുട്ടികളുടെയും വിവിധങ്ങളായ വൈഭവങ്ങൾ കണ്ടെത്തുകയും അവയെ പരിപോഷിപ്പിക്കുകയും ചെയ്യുന്നതിനുള്ള സംവിധാനങ്ങളും സാഹചര്യങ്ങളുമുള്ള വിദ്യാലയമാണ് ടാലന്റ്ലാബ്. കുട്ടികൾ സ്വന്തം കഴിവുകൾ പ്രകടിപ്പിക്കാനും, സ്വയം വിലയിരുത്തി മുന്നേറാനുമുള്ള അനുഭവങ്ങൾ ഇത്തരം വിദ്യാലയത്തിൽ ഉണ്ടായിരിക്കും.

ടാലന്റ്ലാബിന്റെ ഉദ്ദേശ്യങ്ങൾ, ടാലന്റ് കണ്ടെത്തുന്നതിനുള്ള തന്ത്രങ്ങൾ, ടാലന്റ്ലാബിന്റെ പ്രവർത്തനങ്ങൾ, സാധ്യതകൾ, കുട്ടികൾക്കുള്ള വിദഗ്ദ്ധസഹായം, രക്ഷിതാക്കളുടെ പങ്ക്, സാമൂഹ്യപങ്കാളിത്തം, വിദ്യാലയത്തിലുണ്ടാകുന്ന മാറ്റങ്ങൾ, അധ്യാപകരുടെ പങ്ക് തുടങ്ങിയ കാര്യങ്ങളാണ് അധ്യാപകർക്കായി തയാറാക്കിയിരിക്കുന്ന ടാലന്റ്ലാബ് എന്ന കൈപ്പുസ്തകത്തിൽ വിശദീകരിച്ചിരിക്കുന്നത്. ജില്ലയിലെ എല്ലാ പൊതുവിദ്യാലയങ്ങൾക്കും

കൈപ്പുസ്തകത്തിന്റെ കോപ്പികൾ നൽകും.

ജില്ലാ പഞ്ചായത്തിൽ നടന്ന ചടങ്ങിൽ സാക്ഷരതാമിഷൻ ജില്ലാ കോ-ഓർഡിനേറ്റർ ഡോ.വി.വി മാത്യു, ജില്ലാ ആയുർവേദ ആശുപത്രി ചീഫ് മെഡിക്കൽ ഓഫീസർ ഡോ. സൂസൻ പി.ജോൺ, വിദ്യാഭ്യാസ ഉപഡയറക്ടറുടെ പ്രതിനിധി ശ്യാമള എന്നിവർ സംബന്ധിച്ചു.

(പിഎൻപി 3889/18)

## ഉപതെരഞ്ഞെടുപ്പ് വിജയികൾ

ജില്ലയിൽ ഉപതെരഞ്ഞെടുപ്പ് നടന്ന പത്തനംതിട്ട നഗരസഭയിലെ കുലശേഖരപതി വാർഡിൽ അൻസാർ മുഹമ്മദ് (സ്വതന്ത്രൻ) 251 വോട്ടുകളുടെ ഭൂരിപക്ഷത്തിലും പന്തളം നഗരസഭയിലെ കടയ്ക്കാട് വാർഡിൽ എം.ആർ ഹസീന (എസ്ഡിപിഐ) ഒമ്പത് വോട്ടുകളുടെ ഭൂരിപക്ഷത്തിലും വിജയിച്ചു. ലഭിച്ച വോട്ടുകളുടെ വിവരം ചുവടെ.

കുലശേഖരപതി വാർഡ്: അബ്ദുൾ കരിം (ഐയുഎംഎൽ)-192, അൻസാർ മുഹമ്മദ് (സ്വതന്ത്രൻ)-443, അൻസാരി എസ്.അസീസ് (സിപിഐ-എം)- 142, ബുഹാരി (എസ്ഡിപിഐ)-163, മധുലാൽ (ബിജെപി)-ഏഴ്.

കടയ്ക്കാട് വാർഡ്: രജനി (എൻഡിഎ-സ്വതന്ത്ര)-12, ഹസീന എം.ആർ(എസ്ഡിപിഐ)-276, റസീന ബീവി.ആർ (ഐഎൻസി)-267, റോസിന ബീഗം (സിപിഐ-എം)-249.

(പിഎൻപി 3890/18)

## ചെന്നീർക്കര പഞ്ചായത്തിൽ ഹരിതകർമ്മസേന രൂപീകരിച്ചു

ചെന്നീർക്കര ഗ്രാമപഞ്ചായത്തിനെ സമ്പൂർണ മാലിന്യമുക്തമാക്കാൻ ഹരിതകർമ്മസേന സജ്ജമായി. പഞ്ചായത്തിലെ ഹരിതകർമ്മ സേനയുടെ പ്രവർത്തന ഉദ്ഘാടനം പഞ്ചായത്ത് പ്രസിഡന്റ് കലാ അജിത്ത് നിർവഹിച്ചു. പഞ്ചായത്തിന്റെ 14 വാർഡുകളിലായി രണ്ട് പേർ ഒരു വാർഡിന് എന്ന രീതിയിൽ ആകെ 28 പേരടങ്ങുന്ന സംഘമാണ് ചെന്നീർക്കരയിലെ ഹരിതകർമ്മസേന. വീടുകളിൽ നിന്നും പൊതുസ്ഥാപനങ്ങളിൽ നിന്നും കടകളിൽ നിന്നും അജൈവമാലിന്യങ്ങൾ ശേഖരിച്ച് ഹരിതകർമ്മസേന പഞ്ചായത്ത് നിർമിച്ചിട്ടുള്ള അജൈവ മാലിന്യ സംഭരണ കേന്ദ്രത്തിലെത്തിച്ച് തരംതിരിച്ച് സൂക്ഷിക്കും. തുടർന്ന് സർക്കാർ നിർദേശിച്ചിട്ടുള്ള സ്ഥാപനങ്ങൾക്ക് ഇത് കൈമാറും.

വീടുകളിൽ തരംതിരിച്ച് വൃത്തിയാക്കി സൂക്ഷിക്കുന്ന പ്ലാസ്റ്റിക് വസ്തുക്കൾ, ഇലക്ട്രോണിക്, ഇലക്ട്രിക്കൽ മാലിന്യങ്ങൾ എന്നിവ മാസത്തിൽ രണ്ട് തവണ ശേഖരിച്ച് ഗ്രാമപഞ്ചായത്തിന് കൈമാറുന്നതിന് ഹരിതകർമ്മസേന യൂസർ ഫീ ഈടാക്കും.

ജൈവമാലിന്യ സംസ്കരണം സ്വന്തമായി നടത്തുന്ന വീടുകളിൽ നിന്നും അജൈവ മാലിന്യം ശേഖരിക്കുന്നതിനായി 40 രൂപയാണ് മാസം തോറും നൽകണം. എല്ലാ ദിവസവും ജൈവമാലിന്യ ശേഖരണം ആവശ്യപ്പെടുന്ന വീടുകൾ പ്രതിമാസം 800 രൂപ ഹരിതകർമ്മ സേനയ്ക്ക് നൽകണം. യൂസർഫീ ഈടാക്കുമ്പോൾ കൃത്യമായ രസീത് നൽകും. ആദ്യഘട്ടത്തിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ മാത്രമാണ് ഹരിതകർമ്മസേന ശേഖരിക്കുക. അജൈവമാലിന്യ ശേഖരണത്തോടൊപ്പം തന്നെ വീടുകളിൽ പാഴാകുന്ന ഭക്ഷണ വസ്തുക്കൾ ഉൾപ്പെടെയുള്ള ജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിനാവശ്യമായ മാർഗനിർദ്ദേശങ്ങൾ ഹരിതകർമ്മസേന നൽകും. ഇതിനാവശ്യമായ സാധനസാമഗ്രികൾ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യും.

ജില്ലാ കുടുംബശ്രീ മിഷൻ മുഖേന ശാസ്ത്രീയമായ പരിശീലനം ലഭിച്ച ഹരിതകർമ്മ സേനാംഗങ്ങൾ പഞ്ചായത്ത് തലത്തിൽ രൂപീകരിക്കപ്പെട്ട ഹരിതകർമ്മസേന കൺസോർഷ്യത്തിന്റെ ചുമതലയിലും പഞ്ചായത്ത് ഭരണസമിതിയുടെ മേൽനോട്ടത്തിലുമാണ് പ്രവർത്തിക്കുന്നത്. വൈസ്പ്രസിഡന്റ് ജയിംസ് കെ.സാം, വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൻ ലൗലി വാലുതറയിൽ, ആരോഗ്യവിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്

സൻ രാധാമണി സുധാകരൻ, അസിസ്റ്റന്റ് സെക്രട്ടറി സി.എസ് കൃഷ്ണകുമാർ, ഹരിതകർമ്മ മിഷൻ ജില്ലാ കോ-ഓർഡിനേറ്റർ രവീന്ദ്രൻ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

(പിഎൻപി 3891/18)

## ശിശുക്ഷേമ സമിതിയോഗം

ജില്ലാ ശിശുക്ഷേമ സമിതി എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം ഡിസംബർ ആറിന് രാവിലെ 10.30ന് ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ കളക്ടറേറ്റിൽ ചേരും.

(പിഎൻപി 3892/18)

## വല്ലന-ഏഴിക്കാട് പാടശേഖരത്തിൽ വിത്തിറക്കും

ഹരിതാഭമായ കാർഷിക സംസ്കൃതിയിലേക്ക് മടങ്ങുകയാണ് ആറന്മുള പഞ്ചായത്തിലെ വല്ലന പാടശേഖരം. കാൽനൂറ്റാണ്ടോളമായി തരിശായി കിടന്ന വല്ലന-ഏഴിക്കാട് പാടശേഖരത്തിലാണ് നെൽകൃഷി വീണ്ടും തിരികെയെത്തുന്നത്. നാൽപത് ഹെക്ടറിൽ അധികം വ്യാപിച്ച് കിടക്കുന്ന പാടശേഖരത്തിൽ ആദ്യഘട്ടമെന്ന നിലയിൽ ഇരുപത് ഹെക്ടർ സ്ഥലത്താണ് കൃഷിയിറക്കുന്നത്. മൂന്ന് വർഷം കൊണ്ട് തരിശ് രഹിത പഞ്ചായത്താകാനുള്ള ശ്രമത്തിന്റെ ഭാഗമായാണ് ഇവിടെ കൃഷി പുനരാരംഭിക്കുന്നത്.

ഉയർന്ന വേതനവും കർഷകരുടെ അഭാവവും മൂലം കൃഷി നഷ്ടമായതിനെ തുടർന്നാണ് പാടശേഖര ഉടമകൾ നെൽകൃഷിയിൽ നിന്നും പിൻവാങ്ങിയത്. ഇതോടെ ഭൂമി തരിശായി ഉപയോഗശൂന്യമായി മാറി. പന്തളം ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് പി.ബി സതീഷ് കുമാറിന്റെ നേതൃത്വത്തിൽ നീണ്ടനാളത്തെ കൂട്ടായ പരിശ്രമത്തിനൊടുവിലാണ് കൃഷിയിലേക്ക് തിരികെ പോകാൻ പാടശേഖര സമിതി അംഗങ്ങളും കർഷകരും തീരുമാനിച്ചത്. ഇരുപത് ഹെക്ടർ സ്ഥലത്ത് വിതയ്ക്കുന്നതിനുള്ള വിത്തും വളവും കൃഷി ഓഫീസിൽ നിന്ന് ലഭ്യമാകും. വർഷങ്ങളായി തരിശായി കിടന്ന് പാടശേഖരം പൂർണമായും കാടും പുല്ലും വളർന്ന് ഉപയോഗശൂന്യമായി മാറിയിരുന്നു. കൃഷിക്കായി ഇത് ഒരുക്കിയെടുക്കാൻ ഏറെ പണിപ്പെടേണ്ടതായും വന്നു. വല്ലന- ഏഴിക്കാട് പാടശേഖരങ്ങളിലും കൃഷിയിറക്കുന്നതിനായി അധികൃതർ മുന്നിട്ടിറങ്ങിയതോടെ ഇവിടെ ഹരിതാഭമാകുമെന്ന സന്തോഷത്തിലാണ് പാടശേഖര സമിതി അംഗങ്ങളും കൃഷിക്കാരും.

(പിഎൻപി 3893/18)

## ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കണം

കേരള മദ്രസ അധ്യാപക ക്ഷേമനിധിയിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നവർ ഡിസംബർ 15നകം മാനേജർ, കേരള മദ്രസ അധ്യാപക ക്ഷേമനിധി ഓഫീസ്, പുതിയറ, കോഴിക്കോട്-4 എന്ന വിലാസത്തിൽ ലൈഫ് സർട്ടിഫിക്കറ്റ് ലഭ്യമാക്കണമെന്ന് മാനേജർ അറിയിച്ചു. ഫോൺ: 0495 2720577, 9188230577. (പിഎൻപി 3894/18)

## സീതാലയം ആരോഗ്യ ബോധവത്കരണ സെമിനാർ

സംസ്ഥാന സർക്കാർ ഹോമിയോപ്പതി വകുപ്പിന്റെ വനിതാ ആരോഗ്യസംരക്ഷണപദ്ധതിയായ സീതാലയത്തിന്റെ ആഭിമുഖ്യത്തിൽ ഇലന്തൂർ ഗവ. ആർട്ട്സ് ആൻഡ് സയൻസ് കോളേജ് വിമൻസെൽ യൂണിറ്റ് വിദ്യാർത്ഥിനികൾക്കായി ഇലന്തൂർ ഗ്രാമപഞ്ചായത്ത് ഹാളിൽ ആരോഗ്യബോധവത്കരണ ശില്പശാല നടത്തി. ഇലന്തൂർ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ഷീബി ആനി ജോർജ്ജ് ഉദ്ഘാടനം ചെയ്തു. ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ കെ. പി. മുകുന്ദൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ ചലച്ചിത്ര സംവിധായകനും ജില്ലാ ഹോമിയോ മെഡിക്കൽ ഓഫീസറുമായ ഡോ. ഡി. ബിജുകുമാർ മുഖ്യപ്രഭാഷണം നടത്തി. സീതാലയം ചാർജ്ജ് മെഡിക്കൽ ഓഫീസർ ഡോ. പ്രീതി ഏലിയാമ്മ ജോൺ പദ്ധതി വിശദീകരിച്ചു. ഇലന്തൂർ ഗ്രാമപഞ്ചായത്ത് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ബാബു.ജി.തരിയൻ, വാർഡ് അംഗം മിനി ജോൺ, പ്രിൻസിപ്പൽ ആർ.രാജശ്രീ, ഡോ. ശീതൾ സുഗതൻ, ഡോ.

രമാദേവി വി.എൻ  എന്നിവർ പ്രസംഗിച്ചു. 'യുവത്വവും മാനസിക ആരോഗ്യവും മാറുന്ന സമൂഹത്തിൽ' എന്ന വിഷയത്തിൽ പത്തനംതിട്ട അഗാപെ കൗൺസിലിംഗ് സെന്റർ ഡയറക്ടർ ജോൺ ജേക്കബ്, 'സ്ത്രീജന്യരോഗങ്ങളും പരിഹാരവും' എന്ന വിഷയത്തിൽ ഹോമിയോപ്പതി കൺസൾട്ടന്റ് ഡോ. മിനി ഉണ്ണികൃഷ്ണൻ എന്നിവർ  ക്ലാസുകൾ നയിച്ചു.

ഹോമിയോപ്പതി വകുപ്പിന്റെ വനിത ആരോഗ്യസംരക്ഷണ പദ്ധതിയായ സീതാലയം സ്ത്രീകളുടെ സമഗ്ര ആരോഗ്യ സംരക്ഷണത്തിനായി വിവിധ പ്രവർത്തനങ്ങൾ നടത്തി വരുന്നു. സ്ത്രീകളുടെയും പെൺകുട്ടികളുടെയും ശാരീരിക മാനസിക വൈകാരിക തലങ്ങളിലുള്ള ആരോഗ്യവും സാമൂഹികസുരക്ഷയും ഉറപ്പുവരുത്തി സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുക എന്നതാണ് സീതാലയം പദ്ധതിയുടെ ലക്ഷ്യം. ജില്ലയിൽ പന്തളം ഗവ. ഹോമിയോ ഡിസ്പെൻസറിയോടനുബന്ധിച്ച്  പ്രവർത്തിക്കുന്ന സീതാലയത്തിന്റെ സേവനം  നിരവധി സ്ത്രീകൾ പ്രയോജനപ്പെടുത്തി വരുന്നു. (പിഎൻപി 3895/18)

## കൈരളി കരകൗശല വിപണനമേളയ്ക്ക് തിരക്കേറുന്നു

പത്തനംതിട്ട റോയൽ ഓഡിറ്റോറിയത്തിൽ ആരംഭിച്ച ചെറുകിട കരകൗശല ഉൽപ്പന്നങ്ങളുടെ പ്രദർശന വിപണന മേളയ്ക്ക് വൻ തിരക്ക്. കേരളത്തിന് പുറമേ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള നൂറിൽപ്പരം കരകൗശല കൈത്തറി ഉത്പന്നങ്ങളാണ് മേളയുടെ പ്രധാന ആകർഷണം. കേന്ദ്ര ടെക്സ്റ്റൈൽസ് മന്ത്രാലയത്തിന് കീഴിലുള്ള കരകൗശല വികസന കമ്മീഷണറേറ്റിന്റെ സ്പോൺസർഷിപ്പിൽ സംസ്ഥാന കരകൗശല വികസന കോർപ്പറേഷനാണ് മേള സംഘടിപ്പിച്ചിട്ടുള്ളത്. സംസ്ഥാന കരകൗശല വികസന കോർപ്പറേഷന്റെ സ്റ്റാളിൽ തേക്കിലും ഈട്ടിയിലും ചന്ദനത്തിലും നിർമിച്ചിട്ടുള്ള ഗൃഹാലങ്കാര വസ്തുക്കൾ,  കരകൗശല വസ്തുക്കൾ എന്നിവയാണ് വിൽപ്പനയ്ക്കെത്തിച്ചിരിക്കുന്നത്. സുഗന്ധവ്യഞ്ജനങ്ങൾ ഉൾപ്പെടെയുള്ള വള്ളമാണ് ഈ സ്റ്റാളിന്റെ പ്രധാന ആകർഷണം. ഇവയെ കൂടാതെ, തടി കൊണ്ടുള്ള ആന, വഞ്ചി, ആമാടപ്പെട്ടികൾ, നെറ്റിപ്പട്ടം, വിളക്കുകൾ എന്നിവയും രാജാരവിവർമ ചിത്രങ്ങളും സ്റ്റാളിലുണ്ട്. മുപ്പത് രൂപ മുതലുള്ള മധുരൈ കമ്മലുകൾ, രാജസ്ഥാനിൽ നിന്നുള്ള കോപ്പർമെറ്റൽ നെക്ലേസുകൾ, കളിമണ്ണ് കൊണ്ടുള്ള മൺചട്ടി, കറിച്ചട്ടി, കാർത്തികവിളക്ക്, കൂജ, കപ്പ്, മറ്റ് അലങ്കാരവസ്തുക്കൾ , തവ, കുന്തിരിക്കച്ചട്ടി,  ഹാൻഡ് എംബ്രോയിഡറി, സോഫ, മധുര ചുങ്കിടി, ചെട്ടിനാട് കൈത്തറി സാരികൾ, ബംഗാൾ കോട്ടൻ സാരികൾ, ഭഗൽപൂരി സിൽക്ക് സാരികൾ, സിൽക്ക് ചുരിദാർ മെറ്റീരിയലുകൾ, രാജസ്ഥാൻ കലങ്കാരി ചുരിദാർ ടോപ്പുകൾ, ഒഡീഷ, ഹൈദരാബാദ് ഹാൻഡ് പ്രിന്റഡ് കൈത്തറി സാരികൾ, കുത്താംമ്പുള്ളി സാരികൾ, ബംഗാൾ കാത്താ വർക്ക്, ലക്നൗ ചിക്കൻ വർക്ക് സാരികൾ, രാജസ്ഥാൻ പ്യുവർ കോട്ടൺ, വെജിറ്റബിൾ ഡൈ, രാജസ്ഥാൻ, പാനിപ്പട്ട് ബെഡ്ഷീറ്റുകൾ, ഹൈദരാബാദ് പേൾ,  രാജസ്ഥാൻ സ്റ്റോൺസ്, പ്രഷ്യസ്, സെമിപ്രഷ്യസ് ആഭരണങ്ങൾ, രുദ്രാക്ഷ മാലകൾ, നവരത്ന മാലകൾ,ചിന്നപ്പട്ടണം കളിപ്പാട്ടങ്ങൾ തുടങ്ങി വൈവിധ്യമായ ഉൽപ്പന്നങ്ങളാണ് മേളയിൽ ഒരുക്കിയിരിക്കുന്നത്. ഡിസംബർ 5 ന് മേള അവസാനിക്കും. (പിഎൻപി 3896/18)

## ശബരിമല: യോഗം ഇന്ന് (1)

ഈ വർഷത്തെ ശബരിമല മണ്ഡല മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് വിവിധ സർക്കാർ വകുപ്പുകൾ ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ വിലയിരുത്തുന്നതിന് ദേവസ്വം മന്ത്രിയുടെ അധ്യക്ഷതയിൽ ഇന്ന് രാവിലെ ഒമ്പതിന് സന്നിധാനത്ത് യോഗം ചേരും.

(പിഎൻപി 3897/18)

## അറ്റൻഡന്റ് കം ഡ്രൈവർ ഒഴിവ്

മൃഗസംരക്ഷണ വകുപ്പിൽ റാന്നി, പറക്കോട് ബ്ലോക്കുകളിലേക്ക്  രാത്രികാല മൃഗചി

കിത്സാ സേവനത്തിനായി നിയമിച്ചിട്ടുള്ള വെറ്ററിനറി സർജന്മാരെ സഹായിക്കുന്നതിന് അറ്റൻഡന്റ് കം ഡ്രൈവർ തസ്തികയിലേക്ക് അപേക്ഷിക്കാം. വൈകിട്ട് ആറ് മുതൽ രാവിലെ ആറ് വരെ 179 ദിവസത്തേക്കാണ് നിയമനം. പ്രതിദിനം 350 രൂപ ലഭിക്കും. താത്പര്യമുള്ളവർ തിരിച്ചറിയൽ കാർഡ്, റേഷൻ കാർഡ്, ത്രീവീലർ ഡ്രൈവിംഗ് ലൈസൻസ് ആൻഡ് ബാഡ്ജ് എന്നിവ സഹിതം ഡിസംബർ ഏഴിന് രാവിലെ 11ന് പത്തനംതിട്ട മിനി സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന ജില്ലാ മൃഗസംരക്ഷണ ഓഫീസിൽ ഹാജരാകണം. വടശേരിക്കര, കൊടുമൺ വെറ്ററിനറി ഹോസ്പിറ്റലുകളുടെ സമീപ പ്രദേശങ്ങളിലുള്ളവർക്ക് മുൻഗണന ലഭിക്കും. ഫോൺ: 0468 2322762. (പിഎൻപി 3898/18)

## എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ പുതുക്കാൻ അവസരം

വിവിധ കാരണങ്ങളാൽ 1998 ജനുവരി ഒന്ന് മുതൽ 2018 ഒക്ടോബർ 31 വരെ എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ പുതുക്കാൻ സാധിക്കാതെ രജിസ്ട്രേഷൻ റദ്ദായവർക്ക് ഡിസംബർ 31 വരെ രജിസ്ട്രേഷൻ പുതുക്കാൻ അവസരമുണ്ടെന്ന് ജില്ലാ സൈനിക ക്ഷേമ ഓഫീസർ അറിയിച്ചു. ഫോൺ: 0468 2222104. (പിഎൻപി 3899/18)

**പ്രത്യേക പത്രക്കുറിപ്പ്**

## ഇന്ന് (1) രാത്രി പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ

ശബരിമല തീർഥാടനത്തോടനുബന്ധിച്ച് ജില്ലയിൽ ഇന്ന് (1) രാത്രി പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ: എംജിഎം മെഡിക്കൽസ് പത്തനംതിട്ട, ദീപ മെഡിക്കൽസ് എലിയറയ്ക്കൽ കോന്നി, മാത മെഡിക്കൽസ് കോഴഞ്ചേരി, എം.ജി ഫാർമ അടൂർ, ശ്രീശബരി മെഡിക്കൽസ് പന്തളം, നീതി മെഡിക്കൽ സ്റ്റോർ തിരുവല്ല, റാന്നി ഡ്രസ് ഹൗസ് പഴവങ്ങാടി റാന്നി, ശ്രീഅയ്യപ്പ മെഡിക്കൽ കോളജ് വടശേരിക്കര. (പ്രത്യേക പത്രക്കുറിപ്പ് 43/18)

## പൂങ്കാവനസംരക്ഷണത്തിന് വനം വകുപ്പിന്റെ ഇക്കോ ഗാർഡുകൾ

മിഷൻ ഗ്രീൻ ശബരിമല പദ്ധതിയുടെ ഭാഗമായി അയ്യപ്പന്റെ പൂങ്കാവന സംരക്ഷണത്തിനായി വനം വകുപ്പിന്റെ ഇക്കോ ഗാർഡുകൾ. പ്ലാപ്പള്ളി മുതൽ ചാലക്കയം വരെയുള്ള സ്ഥലത്താണ് തീർത്ഥാടനകാലത്തെ പ്ലാസ്റ്റിക് മാലിന്യങ്ങൾ നീക്കി പൂങ്കാവനത്തെ സംരക്ഷിക്കുന്നതിനുമായി ഇക്കോ ഗാർഡുകളെ നിയോഗിച്ചിട്ടുള്ളത്. കേരള ഫോറസ്റ്റ് ആൻഡ് വൈൽഡ് ലൈഫ് ഡിപ്പാർട്ട്മെന്റ് റാന്നി ഫോറസ്റ്റ് ഡിവിഷനുമായി ചേർന്നാണ് ഇക്കോഗാർഡ് പദ്ധതി ആവിഷ്ക്കരിച്ചിരിക്കുന്നത്. ആദിവാസി മേഖലയിൽ താമസിക്കുന്നവർക്കാണ് ഈ ജോലിക്ക് മുൻഗണന നൽകിയിരിക്കുന്നത്. ഇത് കൂടാതെ ആങ്ങമൂഴി വനസംരക്ഷണ സമിതിയിൽ നിന്ന് നാല് പേരേയും തിരഞ്ഞെടുത്തിട്ടുണ്ട്. രാവിലെ എട്ട് മുതൽ വൈകിട്ട് അഞ്ച് വരെയാണ് ജോലി സമയം. ഒരോരുത്തർക്കും രണ്ട് കിലോമീറ്റർ സ്ഥലം വീതമാണ് തിരിച്ച് നൽകിയിരിക്കുന്നത്. പരിശീലനം നേടിയവരെയാണ് ജോലിക്കായി നിയമിച്ചിരിക്കുന്നത്. (പ്രത്യേക പത്രക്കുറിപ്പ് 44/18)

## ശബരിമല തീർത്ഥാടനം :
## വിപുലമായ സൗകര്യങ്ങളുമായി റാന്നി-പെരുനാട് പഞ്ചായത്ത്

ശബരിമല തീർത്ഥാടകർക്ക് എല്ലാ വിധ സൗകര്യങ്ങളുമൊരുക്കി റാന്നി-പെരുനാട് പഞ്ചായത്ത്. കുടിവെള്ളം, ഭക്ഷണം, വിശ്രമകേന്ദ്രങ്ങൾ എന്നിവയൊരുക്കിയാണ് റാന്നി-പെരുനാട് പഞ്ചായത്ത് തീർത്ഥാടകരെ കാത്തിരിക്കുന്നത്. ഇതിനായി നാൽപ്പത്തിയഞ്ച് ലക്ഷം രൂപയാണ് സർക്കാർ അനുവദിച്ചിരിക്കുന്നത്.

ഏറ്റവും കൂടുതൽ തീർത്ഥാടകർ വന്ന് പോകുന്ന പഞ്ചായത്താണ് റാന്നി-പെരുനാട്. കുടിവെള്ള വിതരണത്തിനായി വാട്ടർ അതോറിറ്റിയുടെ സഹായത്തോടെ പതിനഞ്ച് സ്ഥലങ്ങളിലായി ടാങ്ക് സ്ഥാപിച്ചു. ശുചീകരണപ്രവർത്തനങ്ങൾക്കായി അൻപതോളം തൊഴിലാളികളേയും ചമ്പോൺ മുതൽ ചാലക്കയം വരെ നിയമിച്ച് പ്രവർത്തിച്ച് വരുന്നു. പന്ത്രണ്ട് കടവുകളിലായി ലൈഫ് ഗാർഡുകളെ നിയമിച്ചു. നാൽപ്പത്തിയഞ്ചോളം തെരുവുവിളക്കുകൾ സ്ഥാപിച്ചു. വരുംദിവസങ്ങളിൽ കൂടുതൽ സ്ഥാപിക്കും. തിരുവാഭരണപാതയിൽ തെരുവുവിളക്കുകൾ സ്ഥാപിച്ച് കഴിഞ്ഞു. തീർത്ഥാടകരെ കൂടാതെ ഡ്യൂട്ടിക്കെത്തിയ പൊലീസുകാർക്കായും പെരുനാട് പഞ്ചായത്ത് ആറാം വാർഡിൽ താത്കാലിക ഷെഡ്ഡ് നിർമിച്ച് വേണ്ട സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.

മാടമൺ ഋഷികേശ് ക്ഷേത്രക്കടവിൽ തീർത്ഥാടകർക്ക് ഉപയോഗിക്കാൻ താത്കാലിക ടോയ്ലെറ്റ് നിർമ്മിച്ചിട്ടുണ്ട്. ഇതിനോടൊപ്പം ഉപയോഗശൂന്യമായി കിടന്നിരുന്ന എല്ലാ ടോയ് ലെറ്റുകളും ഉപയോഗ യോഗ്യമാക്കുകയും ചെയ്തു. ഇടത്താവളങ്ങൾ വിശ്രമിക്കാൻ മാത്രമാക്കാതെ തീർത്ഥാടന സൗഹൃദകേന്ദ്രങ്ങളാക്കാനും തദ്ദേശ സ്വയംഭരണവകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതുകൊണ്ട് തന്നെ ഇടത്താവളങ്ങളിൽ തീർത്ഥാടകർക്കാവശ്യമായ എല്ലാ ഒരുക്കങ്ങളും നടത്തിയിട്ടുണ്ട്. കുടിവെള്ള സൗകര്യങ്ങൾ, ബാത്ത്റൂം, വിശ്രമത്തിനുള്ള പ്രത്യേകഇടം, ഭക്ഷണം എന്ന് വേണ്ട എല്ലാ അവശ്യസൗകര്യങ്ങളും ഇവിടെയുണ്ട്. കൂടാതെ, മടത്തുംമൂഴി ഇടത്താവളത്തിലെത്തുന്ന ഭക്തർക്ക് അവശ്യസമയത്ത് ചുക്കുകാപ്പി, വിരി വയ്ക്കാനുള്ള സൗകര്യം, ടോയ്ലെറ്റ് സൗകര്യങ്ങൾ എന്നിവയും ഒരുക്കിയതായി പഞ്ചായത്ത് പ്രസിഡന്റ് ബീന സജി പറഞ്ഞു.

(പ്രത്യേക പത്രക്കുറിപ്പ് 45/18)

## ഫോട്ടോ അടിക്കുറിപ്പ്

1) ടാലന്റ്ലാബ് കൈപ്പുസ്തകത്തിന്റെ ജില്ലാതല പ്രകാശനം ജില്ലാ പഞ്ചായത്ത് ആരോഗ്യ-വിദ്യാഭ്യാസ സ്ഥിരം സമിതി അധ്യക്ഷ കെ.ജി.അനിത നിർവഹിക്കുന്നു.
2) ചെന്നീർക്കര പഞ്ചായത്തിൽ രൂപീകരിച്ച ഹരിത കർമസേന
3) സീതാലയത്തിന്റെ ആഭിമുഖ്യത്തിൽ ഇലന്തൂർ ഗ്രാമപഞ്ചായത്ത് ഹാളിൽ നടത്തിയ ആരോഗ്യ ബോധവത്കരണ ശില്പശാല ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ഷീബി ആനി ജോർജ്ജ് ഉദ്ഘാടനം ചെയ്യുന്നു.
4) പത്തനംതിട്ട റോയൽ ഓഡിറ്റോറിയത്തിൽ ആരംഭിച്ച ചെറുകിട കരകൗശല ഉൽപ്പന്നങ്ങളുടെ പ്രദർശന വിപണന മേളയിൽ നിന്ന്


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.


**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| നവംബർ 30<br>November 30 | 2018 |
|---|---|

*1193 വൃശ്ചികം 14 വെള്ളി*

# പത്രക്കുറിപ്പ് -2

[www.prd.kerala.gov.in](http://www.prd.kerala.gov.in), [diopta1@gmail.com](mailto:diopta1@gmail.com) ഫോൺ0468-2222657

### തെളിവെടുപ്പ് യോഗം

സംസ്ഥാനത്തെ ഇലക്ട്രോണിക്സ് മേഖലയിലെ തൊഴിലാളികളുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള ഉപസമിതിയുടെ തെളിവെടുപ്പ് യോഗം ഡിസംബർ ആറിന് ഉച്ചയ്ക്ക് 2.30ന് തിരുവനന്തപുരം തൊഴിൽഭവനിലെ കോൺഫറൻസ് ഹാളിൽ നടക്കും. ഈ മേഖലയുമായി ബന്ധപ്പെട്ട് ജില്ലയിൽ പ്രവർത്തിക്കുന്ന തൊഴിലുടമ-തൊഴിലാളി പ്രതിനിധികൾ പങ്കെടുക്കണമെന്ന് ജില്ലാ ലേബർ ഓഫീസർ അറിയിച്ചു.

(പിഎൻപി 3900/18)

### വികസന സെമിനാർ മൂന്നിന്

വള്ളിക്കോട് ഗ്രാമപഞ്ചായത്തിലെ 2019-20 വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് ഈ മാസം മൂന്നിന് പകൽ 11ന് ഗ്രാമപഞ്ചായത്ത് ഓഡിറ്റോറിയത്തിൽ വികസന സെമിനാർ നടത്തും.

(പിഎൻപി 3901/18)

### ഗ്യാസ് ഏജൻസിയുടെ അംഗീകാരം സസ്പെൻഡ് ചെയ്തു

റാന്നി താലൂക്കിൽ പ്രവർത്തിച്ചുവരുന്ന ജെയ്ബി ഗ്യാസ് ഏജൻസിയുടെ അംഗീകാരം സസ്പെൻഡ് ചെയ്തു. അവിടെയുള്ള കണക്ഷനുകൾ മല്ലപ്പള്ളി, കോഴഞ്ചേരി, പെരുനാട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ഗ്യാസ് ഏജൻസികളിലേക്ക് താത്ക്കാലികമായി മാറ്റി. അകലെയുള്ള ഏജൻസികളിലേക്ക് കണക്ഷൻ മാറ്റിയതുമൂലം അസൗകര്യമുള്ളവർ തൊട്ടടുത്ത ഏജൻസിയിലെത്തി പഴയ ഏജൻസിയിലെ നമ്പർ ഉൾപ്പെടെ രജിസ്റ്റർ ചെയ്താൽ അവി

ടേക്ക് കണക്ഷൻ മാറ്റും. ഏജൻസികളുടെ ഫോൺ നമ്പരുകൾ: കുന്നുകണ്ടത്തിൽ ഏജൻസി മല്ലപ്പള്ളി-0469 2681583, ഇമ്മാനുവൽ ഗ്യാസ് ഏജൻസി പെരുനാട്- 8086200241, അർജുൻ ഗ്യാസ് കോഴഞ്ചേരി- 0468 2211000.

(പിഎൻപി 3902/18)

## വാക്ക്-ഇൻ-ഇന്റർവ്യൂ

വള്ളിക്കോട് ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എൻജിനീയറുടെ ഓഫീസിൽ താത്കാലികമായി ദിവസവേതനാടിസ്ഥാനത്തിൽ ക്ലർക്കിനെ നിയമിക്കുന്നതിന് ഈ മാസം നാലിന് ഉച്ചയ്ക്ക് ശേഷം 2.30ന് ഗ്രാമപഞ്ചായത്ത് ഓഫീസിൽ വാക്ക്-ഇൻ-ഇന്റർവ്യൂ നടത്തും. പ്ലസടു/തത്തുല്യ യോഗ്യതയുള്ള, വള്ളിക്കോട് ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ളവർക്ക് പങ്കെടുക്കാം. സാങ്കേതിക സ്വഭാവമുള്ള സമാന ജോലികൾ ചെയ്തിട്ടുള്ളവർക്കും കംപ്യൂട്ടർ പരിജ്ഞാനം ഉള്ളവർക്കും മലയാളം കംപ്യൂട്ടർ ടൈപ്പിംഗ് അറിയാവുന്നവർക്കും മുൻഗണന. ഫോൺ: 0468 2350229. (പിഎൻപി 3903/18)

## ജീറിയാട്രിക് ഹോംനഴ്സ് സർവീസ്

വയോജനങ്ങൾക്ക് വിവിധ സേവനങ്ങൾ ലഭ്യമാക്കുന്നതിന് കുടുംബശ്രീ ആവിഷ്കരിച്ച ഹർഷം പദ്ധതിയിലേക്ക് ജീറിയാട്രിക് ഹോംനഴ്സ് വോളന്റിയറായി പ്രവർത്തിക്കുവാൻ താത്പര്യമുള്ളവർക്ക് പരിശീലനം നൽകുന്നു. എസ്എസ്എൽസി പാസായ, 45 വയസിന് താഴെ പ്രായമുള്ളവരായിരിക്കണം അപേക്ഷകർ. കുടുംബശ്രീ അംഗങ്ങൾക്കും കുടുംബാംഗങ്ങൾക്കും അപേക്ഷിക്കാം. താത്പര്യമുള്ളവർ ബയോഡേറ്റ സഹിതം ജൂലൈ 18നകം കുടുംബശ്രീ ജില്ലാ മിഷനിൽ അപേക്ഷ നൽകണം. ഫോൺ: 0468 2221807, 9188112605. (പിഎൻപി 3904/18)

## ഫോട്ടോ അടിക്കുറിപ്പ്

1) മിഷൻ ഗ്രീൻ ശബരിമല പദ്ധതിയുടെ ഭാഗമായി അയ്യപ്പന്റെ പൂങ്കാവന സംരക്ഷണത്തിനായി വനം വകുപ്പ് നിയോഗിച്ച ഇക്കോ ഗാർഡുകൾ




**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| | |
|---|---|
| നവംബർ 30<br>November 30 | 2018 |

*1193 വൃശ്ചികം 14 വെള്ളി*

## പത്രക്കുറിപ്പ് -3



[www.prd.kerala.gov.in](http://www.prd.kerala.gov.in), [diopta1@gmail.com](mailto:diopta1@gmail.com) ഫോൺ0468–2222657


**ശബരിമല: നിരോധനാജ്ഞ ഡിസംബർ നാലു വരെ നീട്ടി**

ഇലവുങ്കൽ മുതൽ സന്നിധാനം വരെ പ്രഖ്യാപിച്ചിട്ടുള്ള നിരോധനാജ്ഞ നവംബർ 30ന് അർധരാത്രി മുതൽ ഡിസംബർ നാലിന് അർധരാത്രി വരെ ദീർഘിപ്പിച്ച് ജില്ലാ മജിസ്ട്രേട്ടും ജില്ലാ കളക്ടറുമായ പി.ബി. നൂഹ് ഉത്തരവായി. ശബരിമല ദർശനത്തിന് എത്തുന്ന തീർഥാടകരുടെ സംരക്ഷണം ഉറപ്പാക്കുന്നതിനും ക്രമസമാധാനം നിലനിർത്തി ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനും പൊതുമുതൽ സംരക്ഷിക്കുന്നതിനുമാണ് നിരോധനാജ്ഞ പ്രഖ്യാപിച്ചിട്ടുള്ളത്. പമ്പാ പോലീസ് സ്റ്റേഷൻ പരിധിയിൽ ഇലവുങ്കൽ മുതൽ സന്നിധാനം വരെ എല്ലാ പ്രദേശങ്ങളിലും മുഴുവൻ റോഡുകളിലും ഉപറോഡുകളിലും നിരോധനാജ്ഞ ബാധകമാണ്.

ഇലവുങ്കൽ മുതൽ സന്നിധാനം വരെ ജനങ്ങൾ നിയമവിരുദ്ധമായി സംഘം ചേരുന്നതും പ്രകടനം, പൊതുയോഗം, വഴിതടയൽ എന്നിവ നടത്തുന്നതും നിരോധിച്ചിട്ടുണ്ട്. ശബരിമല തീർഥാടകർക്ക് സമാധാനപരമായ ദർശനം, അവരുടെ വാഹനങ്ങളുടെ സുഗമമായ സഞ്ചാരം എന്നിവ നിരോധനാജ്ഞയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഭക്തർക്ക് ഒറ്റയ്ക്കോ, സംഘമായോ ദർശനത്തിന് എത്തുന്നതിനോ, ശരണം വിളിക്കുന്നതിനോ നാമജപം നടത്തുന്നതിനോ തടസമില്ലെന്നും ഉത്തരവിൽ പറയുന്നു. ജില്ലാ പോലീസ് മേധാവിയുടെയും ശബരിമല അഡീഷണൽ ജില്ലാ മജിസ്ട്രേട്ടിന്റെയും റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലും തുലാമാസ പൂജാ സമയത്തും ചിത്തിര ആട്ട വിശേഷ സമയത്തും മണ്ഡല മകരവിളക്കിനായി നട തുറന്നതു മുതലുള്ള പ്രതിഷേധങ്ങളുടെയും സംഘർഷ സാധ്യത നേരിൽ ബോധ്യപ്പെട്ടതിന്റെയും അ

ടിസ്ഥാനത്തിലാണ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. (പിഎൻപി 3905/18)




**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| നവംബർ 30<br>November 30 | 2018 |
|---|---|

*1193 വൃശ്ചികം 14 വെള്ളി*

# പത്രക്കുറിപ്പ് -4

[www.prd.kerala.gov.in](http://www.prd.kerala.gov.in), [diopta1@gmail.com](mailto:diopta1@gmail.com) ഫോൺ0468–2222657

**പ്രളയാനന്തര പുനർനിർമിതിക്ക് അധിക ധനസഹായം അനുവദിക്കും: മന്ത്രി ജി. സുധാകരൻ**

ഏറ്റവും കൂടുതൽ പ്രളയക്കെടുതി നേരിട്ട പത്തനംതിട്ടയുടെ പുനർനിർമിതിക്കായി അധിക ധനസഹായം അനുവദിക്കുമെന്ന് പൊതുമരാമത്ത് വകുപ്പ് മന്ത്രി ജി. സുധാകരൻ പറഞ്ഞു. അടൂർ ടൗൺ പാലങ്ങളുടെ നിർമാണോദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. പ്രളയത്തിൽ ഏറ്റവും കൂടുതൽ ദുരിതം അനുഭവിച്ച ആറന്മുള, റാന്നി നിയോജകമണ്ഡലങ്ങൾക്ക് കൂടുതൽ പരിഗണന നൽകും. സാമ്പത്തിക ബുദ്ധിമുട്ടുകൾ ഉണ്ടെങ്കിൽ പോലും 2000 കോടി രൂപയിൽ അധികം പത്തനംതിട്ട ജില്ലയുടെ വികസന പ്രവർത്തനങ്ങൾക്കായി ഇതിനോടകം സംസ്ഥാന സർക്കാർ അനുവദിച്ചിട്ടുണ്ട്.

31,000 കോടി രൂപയാണ് പ്രളയ പുനർനിർമാണത്തിനായി സംസ്ഥാന സർക്കാർ ലക്ഷ്യമിട്ടിട്ടുള്ളത്. എന്നാൽ, കേന്ദ്രത്തിന്റെ ധനസഹായം തുച്ഛമായിരുന്നു. വിദേശധനസഹായം സ്വീകരിക്കുന്നതിനുൾപ്പെടെ, എഡിബി, ലോകബാങ്ക് വായ്പ എടുക്കുന്നതിനു പോലും കേന്ദ്ര സർക്കാർ തടസം നിന്നു. പക്ഷേ, ഇത്രയേറെ പ്രതിസന്ധികൾക്കിടയിലും ലോകത്തിന്റെ നാനാഭാഗത്തു നിന്നും മലയാളികൾ സംസ്ഥാന സർക്കാരിന് അകമഴിഞ്ഞ സഹായം നൽകി വരുകയാണ്. ഇതാണ് നമുക്ക് പ്രതീക്ഷ പകരുന്നത്. സംസ്ഥാനത്തെ വികസന പ്രവർത്തനങ്ങളിൽ രാഷ്ട്രീയമോ, മറ്റു പരിഗണനകളോ സർക്കാർ കാണിക്കാറില്ലെന്നും മന്ത്രി പറഞ്ഞു.

മലയോര ഹൈവേയ്ക്കായി 3500 കോടി രൂപ നീക്കി വച്ചിട്ടുണ്ട്. സ്ഥലം ലഭ്യമാകുന്ന

മുറയ്ക്ക് ഇത് യാഥാർത്ഥ്യമാകും. പുനലൂർ–പൊൻകുന്നം റോഡ് നവീകരണം കെഎസ്ടിപി മുഖേന സംസ്ഥാന സർക്കാർ ബ്രഹത് പദ്ധതിയായി നടപ്പാക്കും. ഇതിനുണ്ടായിരുന്ന തടസങ്ങളെല്ലാം നീക്കി തുടർനടപടികൾ പുരോഗമിക്കുകയാണ്. അടൂർ–പത്തനാപുരം റോഡിനായി എട്ടു കോടി രൂപയും കായംകുളം –അടൂർ റോഡിന് 12.5 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. കായംകുളം–പത്തനാപുരം റോഡിൽ വലിയ തോടിനു കുറുകേ അടൂരിൽ 10.9 കോടി രൂപ ചെലവഴിച്ചാണ് പുതിയ പാലങ്ങൾ നിർമിക്കുക. ഒരുവർഷത്തിനകം നിർമാണം പൂർത്തിയാക്കും. 25.32 മീറ്റർ നീളവും ഒൻപത് മീറ്റർ വീതിയുമാണ് പാലത്തിനുള്ളത്. 300 മീറ്റർ സംരക്ഷണ ഭിത്തിയും 330 മീറ്റർ നടപ്പാതയും അഞ്ച് ബസ് ബേയും ഇതിന്റെ ഭാഗമായി നിർമിക്കും.

ചിറ്റയം ഗോപകുമാർ എംഎൽഎ അധ്യക്ഷത വഹിച്ച യോഗത്തിൽ ആന്റോ ആന്റണി എംപി, മുൻ എംഎൽഎ ആർ. ഉണ്ണികൃഷ്ണപിള്ള, അടൂർ നഗരസഭാ ചെയർപേഴ്സൺ ഷൈനി ജോസ്, വൈസ് ചെയർമാൻ ജി. പ്രസാദ്, കൗൺസിലർമാരായ അന്നമ്മ എബ്രഹാം, മുംതാസ്, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരായ ബീന പ്രഭ, തങ്കമ്മ ടീച്ചർ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരായ ജി. പ്രസന്നകുമാരി, പ്രസന്ന വിജയൻ, കുഞ്ഞന്നാമ്മ കുഞ്ഞ്, സിപിഐഎം ജില്ലാ സെക്രട്ടറി കെ.പി. ഉദയഭാനു, അടൂർ അർബൻ ബാങ്ക് ചെയർമാൻ പി.ബി. ഹർഷകുമാർ, എംകോസ് പ്രസിഡന്റ് ഡി.സജി, സിപിഐഎം പ്രതിനിധി എസ്. മനോജ്, സിപിഐ പ്രതിനിധി ഏഴംകുളം നൗഷാദ്, സംഘാടക സമിതി കൺവീനർ ടി.ഡി. ബൈജു, പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എൻജിനിയർ ആർ. അനിൽകുമാർ തുടങ്ങിയവർ പ്രസംഗിച്ചു. (പിഎൻപി 3906/18)

**ഫോട്ടോ അടിക്കുറിപ്പ്**

1) അടൂർ ടൗൺ പാലങ്ങളുടെ നിർമാണോദ്ഘാടനം പൊതുമരാമത്ത് വകുപ്പ് മന്ത്രി ജി. സുധാകരൻ നിർവഹിക്കുന്നു.


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.


**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**